**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**01.10.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.00-മണിക്ക് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയും ബഹു. പഞ്ചായത്തുവകുപ്പുമന്ത്രിയും യോഗത്തിൽ സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.09.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** ക്ഷീരസംഘങ്ങൾ വഴിയുള്ള കാലിത്തീറ്റ പദ്ധതിയുടെ നിർവഹണം ഇരട്ടിപ്പ് വരാത്ത രീതിയിൽ ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഏറ്റെടുക്കാമെന്ന് യോഗം തീരുമാനിച്ചു. ഗുണഭോക്താക്കളുടെ ലിസ്റ്റ് ക്ഷീര സംഘങ്ങളിൽ നിന്നും ശേഖരിച്ച് ഗ്രാമസഭയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

**2.2** ഗ്രാമപഞ്ചായത്തുകളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പരിഷ്ക്കരിച്ച മാർഗരേഖ വിശദമായി ചർച്ച ചെയ്തു. പഞ്ചായത്ത് ഡയറക്ടർ ഉന്നയിച്ച ഭേദഗതികൾ 'കില ' പരിശോധിച്ച് അനുയോജ്യമായവ കൂട്ടിച്ചേർക്കാൻ യോഗം നിർദ്ദേശിച്ചു. പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടിയ അംഗൻവാടി, സ്ക്കൂൾ, ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങൾ കൂടി ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ പരിധിയിൽ ഘട്ടം ഘട്ടമായി കൊണ്ടു വരുന്നത് ഉറപ്പുവരുത്തുന്ന വ്യവസ്ഥകൾ കൂടി മാർഗരേഖയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തുന്ന കരട് മാർഗരേഖ സർക്കാർ ഉത്തരവു മുഖേന പുറപ്പെടുവിക്കാൻ യോഗം നിർദ്ദേശിച്ചു.

**2.3** പ്രവർത്തനക്ഷമമല്ലാതെ ഒഴിഞ്ഞു കിടക്കുന്ന സ്ക്കൂൾ കെട്ടിട മുറികൾ ബഡ്സ് സ്ക്കൂൾ പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നതിന് മന്ത്രിതലത്തിൽ ഒരു ചർച്ച നടത്തുന്നതിന് യോഗം തീരുമാനിച്ചു.

**2.4** സ്പിൽഓവർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലയളവ് 2014 ഒക്ടോബർ 31 വരെ ദീർഘിപ്പിക്കുവാനും അതിനുശേഷം തീയതി നീട്ടി നൽകേണ്ടതില്ലെന്നും തീരുമാനിച്ചു.

**2.5** പദ്ധതി നിർവഹണ പുരോഗതി വിലയിരുത്തുന്നതിന് മുൻവർഷത്തെ കാലയള വുമായി താരതമ്യം ചെയ്യുന്ന സ്റ്റേറ്റ്മെന്റുകൾ ഇനി മുതൽ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ സമർപ്പിക്കാൻ നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകി.

**2.6** ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി നിർവഹണ പുരോഗതി റിപ്പോർട്ടുകൾ പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ച് യോഗത്തിൽ സമർപ്പിക്കണമെന്ന 08.01.2014-ലെ യോഗ തീരുമാനം കർശനമായി പാലിക്കാൻ ജില്ലാ പഞ്ചായത്തുകൾക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദേശം നൽകി.

**2.7** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പത്തു ഗഡുക്കളായി ഫണ്ട് അലോട്ട് ചെയ്യുന്ന നിലവിലെ രീതി തുടരേണ്ടതില്ലെന്നും, ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ട്രഷറിയിൽ നിന്ന് തുക മാറി നൽകുന്ന സമ്പ്രദായം അവലംബിക്കാമെന്നുള്ള

ധനകാര്യ വകുപ്പിന്റെ തീരുമാനം പ്രാദേശിക പദ്ധതി നിർവഹണത്തിന് തടസ്സമാകുമോ എന്ന് പരിശോധിക്കേണ്ടതുണ്ടെന്നും യോഗം വിലയിരുത്തി. വർഷത്തിന്റെ ഓരോ പാദത്തിലും ക്രമാനുഗതമായി വർദ്ധിക്കുന്ന രീതിയിലുള്ള ഫണ്ട് അലോട്ട്മെന്റിന്റെ സാദ്ധ്യത പരിശോധിക്കണമെന്നും നിശ്ചയിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ദേശീയ ആരോഗ്യ മിഷൻ - പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഉപകേന്ദ്രങ്ങളും ലാബുകളും നിർമ്മിക്കുന്നത് (ഫയൽ നം. 60250/എഫ്.എം.2/14/തസ്വഭവ)**

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് മതിപ്പു ചെലവിന്റെ 20% വരുന്ന 260000 രൂപ മുൻകൂറായി ദേശീയ അരോഗ്യ മിഷൻ ഫണ്ടിൽ അടയ്ക്കാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 വാഴൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 61680/ഡിഡി.2/14/തസ്വഭവ) (ബഹു. കാഞ്ഞിരപ്പള്ളി എം.എൽ.എ ഡോ.എൻ. ജയരാജ് മുഖേന സമർപ്പിച്ചത്.)**

2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'തൊഴിൽ യൂണിറ്റുകൾക്ക് ഫർണിച്ചർ' എന്ന പ്രോജക്ട് ജില്ലാ അപ്പലേറ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 3 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

ഡ്യൂട്ടി ലീവ് അനുവദിക്കുന്ന വിഷയം വകുപ്പുതലത്തിൽ തീരുമാനിക്കേണ്ട താണന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പുതുപ്പാടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 98778/ഡി.എ3/14/തസ്വഭവ) ബഹു. തിരുവമ്പാടി എം.എൽഎ. ശ്രീ.സി.മോയിൻകുട്ടി മുഖാന്തിരം സമർപ്പിച്ച നിവേദനം**

ഗ്രാമപഞ്ചായത്തുകളിലെ തെരുവുവിളക്കുകളുടെ പരിപാലനം 'ക്രൂസ്' ഏറ്റെടുത്തു നടപ്പാക്കുന്നതിന് അനുവദിച്ചു തീരുമാനിച്ചു. 'ക്രൂസ്' സന്നദ്ധമല്ലാത്ത സ്ഥലങ്ങളിൽ 'അടാട്ട്' പഞ്ചായത്തിന്റെ മാതൃക സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു. ഇതിനുള്ള പഞ്ചായത്തുകളുടെ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുന്നതിനും അവയിൽ പഞ്ചായത്ത് ഡയറക്ടർ തീരുമാനമെടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ചെങ്കള ഗ്രാമപഞ്ചായത്ത്**

ഇനം 3.4 തീരുമാനം ബാധകമാക്കി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 76640//ഡി.ബി3/13/തസ്വഭവ)**

ആവർത്തന ചെലവുകളും ഡ്രൈവറുടെ ശമ്പളവും മറ്റും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി പാലിയേറ്റീവ് കെയർ ആവശ്യത്തിന് വാഹനം വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്തിനെ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 58724//ഡി.എ3/14/തസ്വഭവ)**

2013-14 വാർഷിക പദ്ധതിയിൽ നടപ്പാക്കേണ്ടിയിരുന്ന തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ പ്രവർത്തനം 2014-15 വർഷം നടപ്പിലാക്കാൻ കെ.എസ്.ഇ.ബി.ക്ക് സ്കീം ഉണ്ടോ എന്ന് അന്വേഷിക്കാനും ഉണ്ടെങ്കിൽ നടപ്പിലാക്കാനും പ്രാദശിക തലത്തിൽ കെ.എസ്.ഇ.ബി.യുമായി നേരിട്ട് ഇടപെടാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 വടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 60347/ഡി.ഡി.2/14/തസ്വഭവ)**

ഉദ്ഘാടനാവശ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ള 7500 രൂപയെക്കാൾ കൂടുതൽ വരുന്ന തുക പ്രാദേശിക പങ്കാളിത്തത്തോടെ സമാഹരിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം. 58422/ഡി.എ1/14/തസ്വഭവ)**

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ, കമ്പ്യൂട്ടർ തുടങ്ങിയവ വിതരണം ചെയ്യുന്നതിന് പട്ടികജാതി വകുപ്പിന്റെ നിരക്കുകൾ അവലംബിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ബഹു. കുന്ദമംഗലം എം.എൽ.എ ശ്രീ. പി.റ്റി.എ. റഹീം മുഖാന്തിരം സമർപ്പിച്ച നിവേദനം (ഫയൽ നം.68516/എഫ്.എം.2/തസ്വഭവ)**

കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്ലാൻ ഫണ്ടിൽ നിന്ന് സംഭാവന നൽകാൻ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തിരുവനന്തപുരം നഗരസഭ (ഫയൽ നം.53146/ഡി.എ1/14/തസ്വഭവ)**

മാനസിക വെല്ലുവിളകൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നത് സ്പെഷ്യൽ സ്ക്കൂളുകളിലും, അൺ എയ്ഡഡ് സ്ക്കൂളുകളിലും പഠിക്കുന്ന മാനസിക വൈകല്യമുള്ള കുട്ടികൾക്കും നൽകാവുന്നതാണെന്നും അതിന് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പന്മന ഗ്രാമപഞ്ചായത്ത് (ഫയൽ നം. 55860/ഡി.ബി.1/14/തസ്വഭവ)**

ഇ.എം.എസ്. ഭവന പദ്ധതിയിൽ 2009-10, 2010-11 വർഷങ്ങളിലെ എസ്.സി.പി. ഭവന പദ്ധതിയിൽ ബാക്കി വന്ന 6496231 രൂപ വിനിയോഗിച്ച് പ്രത്യേക ഭവന പദ്ധതി ഏറ്റെടുക്കാൻ 31.07.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.20 ആയി തീരുമാനിച്ചിരുന്നത് പ്രസ്തുത വസ്തു വാങ്ങി വീട് വയ്ക്കുന്നതിന് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് (ബഹു.ജലസേചനവകുപ്പുമന്ത്രി മുഖാന്തിരം സമർപ്പിച്ചത്)**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മാതൃകാ അംഗനവാടിക്ക് ചുറ്റുമതിൽ നിർമ്മാണം എന്ന പ്രോജക്ടിനു മാത്രം പ്രത്യേക അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ന്യൂമാഹി ഗ്രാമപഞ്ചായത്ത്**

നോൺറോഡ് മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് മത്സ്യമാർക്കറ്റ് നവീകരിക്കാനുള്ള ആവശ്യം, ഖര-ദ്രവ മാലിന്യ സംസ്ക്കരണ സംവിധാനം കൂടി ഉൾപ്പെടുന്നുണ്ടെങ്കിൽ മാത്രം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്**

3.8 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്**

പട്ടികവർഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് മഴക്കാലത്ത് വീടിനുള്ളിൽ വെള്ളംകയറി പുസ്തകങ്ങളും പഠനോപകരണങ്ങളും കേടാവുന്നത് ഒഴിവാക്കാനായി അലമാര വാങ്ങി നൽകുന്നത് പ്രത്യേക കേസായി അംഗീകരിക്കാൻ തീരുമാനിച്ചു. എന്നാൽ തടി അലമാര ഒഴിവാക്കേണ്ടതാണെന്നു നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ചവറ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 61941/ഡി.ഡി.2/14/തസ്വഭവ)**

പട്ടികജാതി മേഖലയിലെ തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് പി.എസ്.സി. പരിശീലനം നൽകുന്നത് പട്ടികജാതി വകുപ്പ് മോണിട്ടർ ചെയ്യണമെന്നും, സുതാര്യമായ നടപടിക്രമങ്ങൾ വഴി യോഗ്യതയുള്ള പരിശീലകരെ തെരഞ്ഞെടുത്തിരിക്കണം എന്നുമുള്ള വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്**

ക്ലാപ്പന, തഴവ ഗ്രാമപഞ്ചായത്തുകളിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുള്ള ആവശ്യം 13.08.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിരസിച്ചത് പുനഃപരിശോധിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്**

എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ബാക്കിയുള്ള ഹൗസിംഗ് ബോർഡ് വിഹിതവും തനത് ഫണ്ടും ഉപയോഗിച്ച് ധനസഹായം നൽകാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് വനിത ഗ്രൂപ്പുകൾ വഴി ആടുവളർത്തൽ, ഇടവിളക്കൃഷി പട്ടക്കറിക്കൃഷി തുടങ്ങിയവ നടത്തുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്**

ഭിന്നശേഷിയുള്ളവർക്ക് സ്ക്കൂട്ടർ വിത്ത് സൈഡ് വീൽ എന്ന പദ്ധതി നടപ്പാക്കിയതിന് സാധൂകരണം നൽകണമന്ന ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് (ബഹു. തിരുവമ്പാടി എം.എൽ.എ. ശ്രീ.സി.മോയിൻകുട്ടി മുഖാന്തിരം സമർപ്പിച്ച നിവേദനം)**

ഓഫീസ് ആവശ്യത്തിന് വാഹനം വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യം വകുപ്പുതലത്തിൽ തന്നെ തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 ആലങ്ങാട് ഗ്രാമപഞ്ചായത്ത്**

പൊതു വിഷയങ്ങൾ 2.1 ബാധകമാക്കി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 കൊടുവള്ളി ഗ്രാമപഞ്ചായത്ത്**

പ്രത്യേക വിഷയം 3.8 ബാധകമാക്കി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കൊല്ലം കോർപ്പറേഷൻ**

പോളയത്തോട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച സാങ്കേതിക പ്രശ്നങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എസ്.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.30ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 08.10.2014 ഉച്ചയ്ക്ക്ശേഷം 3 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***